## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3097 | 11-12-2014 -ൽ മറുപടിക്ക്

## തൈക്കൂട്ടം കടവിലെ തൂക്കുപാലം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ബി.ഡി.ദേവസ്സി | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരം, ദുരന്ത സാഹചര്യമുള്ള സ്ഥലങ്ങളിലെ കടവുകളിൽ പാലങ്ങൾ നിർമ്മിക്കുന്ന സ്കീമിൽ ഉൾപ്പെടുത്തി കെൽ നിർമ്മാണം പൂർത്തിയാക്കിയ തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി പഞ്ചായത്തിലെ തൈക്കൂട്ടം കടവിലെ തൂക്ക പാലത്തിന്റെ നിർമ്മാണത്തിൽ സാങ്കേതിക ന്യൂനതകൾ ഉള്ളതായി പ്രാഥമിക പരിശോധനയിൽ ബോദ്ധ്യമായതിനെതുടർന്ന് വിശദമായ പരിശോധന നടത്തുന്നതിനായും അപാകതകൾ പരിഹരിക്കുന്നതിനായും നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) & ബി) | ഹൈവേ റിസർച്ച് ജോയിന്റ് ഡയറകടർ പരിശോധിച്ചതനുസരിച്ച് തൈക്കൂട്ടം കടവ് തൂക്ക പാലത്തിന്റെ നിർമ്മാണത്തിലെ ന്യൂനതകൾ കേരള ഇലക്ട്രിക്കൽ & അലൈഡ് കമ്പനിയെ കൊണ്ട് പരിഹരിപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് & ബ്രിഡ്ജസ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തൈക്കൂട്ടം കടവ് തൂക്ക പാലത്തിന്റെ നിർമ്മാണത്തിലെ അപാകത ഉടൻ പരിഹരിക്കാനും ജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിന് സജ്ജമാക്കാനും KEL പ്രതിനിധിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | അപാകതകൾ പരിഹരിച്ച് തൂക്കുപാലം ജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ